ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

DATE: 14.04.2025

പ്രധാന വാർത്തകൾ

TIME : 07.25 AM

1. ഭരണഘടന ശില്പി ഡോ. ബി.ആർ. അംബേദ്കറുടെ 135 ആം ജന്മവാർഷിക ദിനത്തിൽ രാഷ്ട്രം ശ്രദ്ധാഞ്ജലി അർപ്പിക്കുന്നു. പ്രതികൂല സാഹചര്യങ്ങളിലും പ്രചോദനാത്മകമായ ജീവിതം നയിച്ച മഹാത്മാവായിരുന്നു അംബേദ്കറെന്ന് രാഷ്ട്രപതി.

   **The nation pays tribute to the architect of the constitution, Dr. B.R. Ambedkar, on his 135th birth anniversary. The President said that Babasaheb created a distinct identity of his own despite facing extreme difficulties and earned respect around the world with his extraordinary achievements.**

2. കണികണ്ടും കൈനീട്ടം വാങ്ങിയും ലോകമെമ്പാടുമുള്ള മലയാളികൾ ഇന്ന് ഐശ്വര്യത്തിന്റെയും പ്രതീക്ഷയുടെയും വിഷു ആഘോഷിക്കുന്നു.

   **Keralites around the world are celebrating Vishu, accepting kaineettam and seeing Kani Darshan, a day of prosperity and hope.**

3. പ്രധാനമന്ത്രി നരേന്ദ്രമോദി ഹരിയാന സന്ദർശിക്കും. ഹിസാർ-അയോധ്യ വിമാന സർവീസ് ഉൾപ്പെടെ വിവിധ വികസനപദ്ധതികൾ ഉദ്ഘാടനം ചെയ്യും.

   **Prime Minister Narendra Modi to visit Haryana today. PM will inaugurate various development projects, including the Hisar-Ayodhya flight service.**

4. ലേസർ ഉപയോഗിച്ച് ശത്രുലക്ഷ്യങ്ങൾ തകർക്കുന്നതിനുള്ള സാങ്കേതിവിദ്യ ആർജ്ജിക്കുന്ന

നാലാമത്തെ രാജ്യമായി ഇന്ത്യ.

**India becomes the fourth country to acquire the technology to destroy enemy targets using lasers.**

5. ഐപിഎൽ ക്രിക്കറ്റിൽ ഡൽഹിക്കെതിരെ മുംബൈയ്ക്ക് 12 റൺസ് ജയം. ഇന്ന് ലക്നൗ-ചെന്നൈ പോരാട്ടം.

   **In IPL cricket Mumbai defeated Delhi. Lucknow to take on Chennai today.**

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## HEADLINE-1

## PRESIDENT - AMBEDKAR JAYANTI (INTRO)

ഭരണഘടന ശില്പി ഡോ. ബി.ആർ. അംബേദ്കറുടെ 135 ആം ജന്മവാർഷിക ദിനമായ ഇന്ന് രാഷ്ട്രം ശ്രദ്ധാഞ്ജലി അർപ്പിക്കുന്നു. അസാധാരണമായ പ്രതികൂല സാഹചര്യങ്ങളിലും പ്രചോദനാത്മകമായ ജീവിതം നയിച്ച, ബാബാസാഹേബ് തനതായ വ്യക്തിമുദ്ര പതിപ്പിച്ചെന്നും അസാധാരണമായ നേട്ടങ്ങളിലൂടെ ലോകത്തിന്റെ ആദരവ് നേടിയെന്നും രാഷ്ട്രപതി പറഞ്ഞു.

*വിശദാംശങ്ങളിലേക്ക്...*

(വോയിസ്)

*സാമൂഹ്യ പരിഷ്കർത്താവ്, സാമ്പത്തിക ശാസ്ത്രജ്ഞൻ, വിദ്യാഭ്യാസ വിദഗ്ദ്ധൻ, നിയമജ്ഞൻ എന്നിങ്ങനെ ബഹുമുഖ വ്യക്തിത്വത്തിനുടമായിരുന്നു അംബേദ്കർ. വനിതകളുടെയും പരിശ്വവത്ക്കരിക്കപ്പെട്ടവരുടെയും സാമൂഹികവും സാമ്പത്തികവുമായ ഉന്നമനത്തിനായി അദ്ദേഹം വിട്ടുവീഴ്ചയില്ലാത്ത പോരാട്ടം നടത്തി. സ്വതന്ത്ര ഇന്ത്യയുടെ ആദ്യ നിയമ-നീതി മന്ത്രിയായ അദ്ദേഹത്തിന്, 1990-ൽ മരണാനന്തരം, പരമോന്നത ബഹുമതിയായ ഭാരതരത്നം നൽകി രാഷ്ട്രം ആദരിച്ചു.*

*(അംബേദ്കർ ബൈറ്റ്)*

*രാഷ്ട്രപതി ദ്രൗപതി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ, പ്രധാനമന്ത്രി നരേന്ദ്ര മോദി, ലോക്സഭാ സ്പീക്കർ ഓം ബിർള, മന്ത്രിമാർ, പാർലമെന്റ്ംഗങ്ങൾ അടക്കമുള്ള വിശിഷ്ട വ്യക്തികൾ ഇന്ന് രാവിലെ പാർലമെൻറ് മന്ദിരത്തിലെ ബാബാസാഹിബിന്റെ പ്രതിമയിൽ പുഷ്പാർച്ചന നടത്തും. ഡോ. അംബേദ്കറുടെ ആദർശങ്ങൾ ജീവിതത്തിൽ പകർത്താനും സാമൂഹിക ഐക്യത്തിന്റെയും സമത്വത്തിന്റെയും ആത്മാവിനെ ഉൾക്കൊള്ളുന്ന ഒരു രാഷ്ട്രം കെട്ടിപ്പടുക്കുന്നതിനുള്ള പ്രതിജ്ഞയെടുക്കാനും രാഷ്ട്രപതി ആഹ്വാനം ചെയ്യു.*

*ന്യൂസ് ഡെസ്ക് ആകാശവാണി....*

**************************************

## DR AMBEDKAR NAGAR EXPRESS

ഡോ. അംബേദ്കർ നഗർ-കോട്ട-ന്യൂഡൽഹി എക്സ്പ്രസ് ട്രെയിൻ ലോക്സഭാ സ്പീക്കർ ഓം ബിർള, മധ്യപ്രദേശ് മുഖ്യമന്ത്രി ഡോ. മോഹൻ യാദവ്, കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് എന്നിവർ ചേർന്ന് ഫ്ലാഗ് ഓഫ് ചെയ്യു. കോട്ടയിൽ നടന്ന ചടങ്ങിൽ ശ്രീ ബിർള പങ്കെടുത്തപ്പോൾ, ന്യൂഡൽഹിയിൽ നിന്ന് വീഡിയോ കോൺഫറൻസിംഗിലൂടെ ഡോ. യാദവും ശ്രീ വൈഷ്ണവും പങ്കുചേർന്നു. കേന്ദ്ര വനിതാ-ശിശു വികസന സഹമന്ത്രി സാവിത്രി താക്കൂർ ഡോ. അംബേദ്കർ നഗറിൽ പങ്കെടുത്തു. റെയിൽവേ പദ്ധതികൾക്കായി മധ്യപ്രദേശിന് 14,745 കോടി രൂപയും രാജസ്ഥാന് 9,960 കോടി രൂപയും ബജറ്റിൽ അനുവദിച്ചിട്ടുണ്ടെന്ന് ശ്രീ വൈഷ്ണവ്പറഞ്ഞു.

**************************************

## HEADLINE-3
## PM-HARIYANA

അംബേദ്കർ ജയന്തി ദിനമായ ഇന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി ഹരിയാന സന്ദർശിക്കും. ഊർജ മേഖലയിൽ അടക്കം നിരവധി

പദ്ധതികൾക്കും അദ്ദേഹം തുടക്കം കുറിക്കും. രാവിലെ ഹിസാറിൽ എത്തുന്ന പ്രധാനമന്ത്രി, ഹിസാർ വിമാനത്താവളത്തിലെ പുതിയ ടെർമിനലിന്റെ ശിലാസ്ഥാപനവും, ഹിസാർ-അയോദ്ധ്യ വിമാനസർവീസും ഉദ്ഘാടനം ചെയ്യും. യമുന നഗറിൽ വിവിധ വികസന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്ന പ്രധാനമന്ത്രി, പൊതു യോഗങ്ങളെയും അഭിസംബോധന ചെയ്യും. 8,470 കോടി രൂപ ചിലവിൽ 233 ഏക്കറിൽ സ്ഥാപിക്കുന്ന 800 MegaWatt അത്യാധുനിക താപവൈദ്യുത നിലയം, GOBARDhan പദ്ധതിയുടെ ഭാഗമായ കംപ്രസ്ഡ് ബയോ ഗ്യാസ് പ്ലാന്റ് എന്നിവ ഇതിൽ ഉൾപ്പെടുന്നു.

**********************************

**HEADLINE-2**

## VISHU

കണികണ്ടും കൈനീട്ടം വാങ്ങിയും ലോകമെമ്പാടുമുള്ള മലയാളികൾ ഇന്ന് ഐശ്വര്യത്തിന്റെയും പ്രതീക്ഷയുടെയും വിഷു ആഘോഷിക്കുന്നു. പൊൻകൊന്നയൊരുക്കി പ്രകൃതി പോലും വിഷുവിനു സ്വാഗതമരുളുന്നു. കാർഷിക സമൃദ്ധിയുടെ നല്ല നാളെകളെ പ്രതീക്ഷിക്കുന്ന കർഷകർക്ക് വാർഷിക വിളകൾക്കുള്ള തയാറെടുപ്പിന്റെ കാലം കൂടിയാണ് വിഷു. വിഷുപ്പുലരിയിൽ സംസ്ഥാനത്തെ വിവിധ ക്ഷേത്രങ്ങളിൽ വൻ തിരക്കാണ് അനുഭവപ്പെടുന്നത്. ഗുരുവായൂർ ക്ഷേത്ര ശ്രീകോവിലിൽ ഗുരുവായൂരപ്പന്റെ വിഗ്രഹത്തിന് വലതുഭാഗത്തായാണ് വിഷുക്കണി ഒരുക്കിയത്. സ്വർണ സിംഹാസനത്തിൽ കണ്ണന്റെ തങ്കത്തിടമ്പ് എഴുന്നള്ളിച്ചുവച്ച് ആലവട്ടം, വെഞ്ചാമരം, നെറ്റിപ്പട്ടം എന്നിവ കൊണ്ടലങ്കരിച്ചു. മേടം ഒന്ന് വിഷുപ്പുലരിയിൽ കാണുന്ന കണിയുടെ സൗഭാഗ്യം വർഷം മുഴുവൻ നിലനിൽക്കുമെന്നാണു വിശ്വാസം.

**********************************

## VISHU-AARANMULA (INTRO)

വിഷുനാളിൽ ആറന്മുള ക്ഷേത്രത്തിലും വിഷുക്കണി ദർശനത്തിനായി വൻ ഭക്തജനത്തിരക്ക്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ്. ശ്രീധർ....**

(വോയിസ്)

***********************************

## SABARIMALA-VISHU

ഭക്തി സാന്ദ്രമായി വിഷു പുലരിയിൽ സന്നിധാനം. പുലർച്ചെ നാലിനാരംഭിച്ച വിഷുക്കണി ദർശനം തുടരുകയാണ്. അയ്യപ്പ ചിത്രം ആ ലേഖനം ചെയ്ത സ്വർണ്ണ ലോക്കറ്റുകളുടെ വിതരണോത്ഘാടനം രാവിലെ 8ന് ദേവസ്വം മന്ത്രി വി.എൻ. വാസവൻ നിർവഹിക്കും. തന്ത്രി കണ്ഠര് രാജീവര് മേൽശാന്തി എസ്. അരുൺകുമാർ നമ്പൂതിരി എന്നിവരുടെ നേതൃത്വത്തിൽ ഭക്തർക്ക് വിഷുകൈനീട്ടവും നൽകുന്നുണ്ട്. ദേവസ്വം ബോർഡ് പ്രസിഡന്റ് ഉൾപ്പെടെയുള്ളവർ സന്നിധാനത്തുണ്ട്. തിരുവനന്തപുരം ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിൽ പുലർച്ചെ മൂന്ന് മണി മുതൽ വിഷുക്കണി ദർശനം ആരംഭിച്ചു.

***********************************

**HEADLINE-4**

## DRDO -LASER-BASED WEAPON SYSTEM

മിസൈലുകൾ, ഫിക്സഡ് വിങ് പോർവിമാനങ്ങൾ, ആളില്ലാ വിമാനങ്ങൾ എന്നിവയെ ലേസർ രശ്മികൾ ഉപയോഗിച്ചു നേരിടാനുള്ള സാങ്കേതിക വിദ്യ വികസിപ്പിച്ചു ഇന്ത്യ. യുഎസ്, ചൈന, റഷ്യ എന്നീ രാജ്യങ്ങൾ മാത്രമാണ് മുൻപ് ഈ നേട്ടം കൈവരിച്ചിട്ടിട്ടുള്ളത്. DRDO-യ്ക്ക് കീഴിലുള്ള ഹൈദരാബാദിലെ The Centre for High Energy Systems & Sciences ന്റെ നേതൃത്വത്തിലാണ് പരീക്ഷണം വിജയകരമായി പൂർത്തീകരിച്ചത്.

**********************************

## AMITH (INTRO)

മൂന്നര വർഷത്തിനുള്ളിൽ രാജ്യത്തെ സഹകരണ മേഖലയിൽ മോദി ഭരണകൂടം വലിയ മാറ്റങ്ങൾ കൊണ്ടുവന്നതായി കേന്ദ്രമന്ത്രി അമിത് ഷാ. ഭോപ്പാലിൽ ഒരു സംസ്ഥാന തല സമ്മേളനത്തിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം. സഹകരണ മേഖലയുമായി ബന്ധപ്പെട്ട നിയമങ്ങൾക്ക് ഒരു ഏകീകൃത സ്വഭാവം കൊണ്ടുവരാൻ കേന്ദ്ര സർക്കാർ വഹിച്ച പങ്ക് അദ്ദേഹം എടുത്തു പറഞ്ഞു. കേവലം കൃഷിക്കുള്ള ധനസഹായം ലഭ്യമാക്കുക എന്നതിന് അപ്പുറം, പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ (PACS), ശ്രദ്ധേയമായ മറ്റു സേവനങ്ങളും ലഭ്യമാക്കുന്നുണ്ടെന്നും അദ്ദേഹം വിലയിരുത്തി.

(വോയിസ്)

**********************************

## BAVARIA

ജർമ്മൻ സംസ്ഥാനമായ ബവേറിയയുടെ മിനിസ്റ്റർ പ്രസിഡന്റ് മാർക്കസ് സോഡർ ന്യൂഡൽഹിയിൽ വിദേശകാര്യ മന്ത്രി ഡോ. എസ്. ജയശങ്കറുമായി കൂടിക്കാഴ്ച നടത്തി. ജർമ്മനിയുമായും യൂറോപ്യൻ യൂണിയനുമായും ഇന്ത്യയുടെ സഹകരണം ശക്തിപ്പെടുത്തുന്നതിൽ ബവേറിയയുടെ സംഭാവനയെക്കുറിച്ച് ഇരുവരും ചർച്ച ചെയ്തു. കേന്ദ്ര ശാസ്ത്ര സാങ്കേതിക മന്ത്രി ഡോ. ജിതേന്ദ്ര സിങ്ങിനെയും ശ്രീ സോഡർ സന്ദർശിച്ചു. ശാസ്ത്രം, സാങ്കേതികവിദ്യ, നൂതനാശയങ്ങൾ തുടങ്ങിയ മേഖലകളിൽ ദീർഘകാലമായി നിലനിൽക്കുന്ന ഇന്തോ-ജർമ്മൻ സഹകരണത്തിന്റെ പുരോഗതി മന്ത്രിമാർ വിലയിരുത്തി. ഉഭയകക്ഷി കൂടിക്കാഴ്ചയ്ക്ക് ശേഷം ഉന്നതതല പ്രതിനിധി സംഘത്തിന്റെ യോഗവും നടന്നു. ഇന്തോ-ജർമ്മൻ 2+2 സഹകരണ മാതൃകയെ ഡോ. സിംഗ് പ്രശംസിച്ചു.

**********************************

## US

ചൈനയിൽ നിന്നടക്കം ഇറക്കുമതി ചെയ്യുന്ന മരുന്ന് സംയുക്തങ്ങൾക്ക് കൂടുതൽ ചുങ്കം ഏർപ്പെടുത്താനൊരുങ്ങി അമേരിക്ക. അമേരിക്കൻ ആരോഗ്യ പാലന രംഗത്ത് വലിയതോതിൽ സഹായകരമായ ഒന്നാണ് ഇന്ത്യയിൽ നിന്നും ചൈനയിൽ നിന്നുമുള്ള വിലകുറവുള്ള ജനറിക് മരുന്ന് സംയുക്തങ്ങൾ. അതിനിടെ സ്മാർട്ട്ഫോണുകൾ, അർദ്ധ ചാലകങ്ങൾ, കംപ്യൂട്ടറുകൾ എന്നിവയ്ക്ക് പ്രത്യേക ഇറക്കുമതി തീരുവ ഏർപ്പെടുത്തുമെന്നും വാണിജ്യ സെക്രട്ടറി ഇന്നലെ വ്യക്തമാക്കി. നേരത്തെ ഇവയെ പകരം ചുങ്കത്തിൽ നിന്നും ഒഴിവാക്കിയിരുന്നു.

**********************************

## CM-KANNUR-DHARMADAM

കേരളത്തിലെ ആദ്യ അതിദാരിദ്ര്യമുക്ത നിയമസഭാ മണ്ഡലമായി കണ്ണൂർ ജില്ലയിലെ ധർമ്മടം. മുഖ്യമന്ത്രി പിണറായി വിജയനാണ് പ്രഖ്യാപനം നടത്തിയത്. നവംബർ ഒന്നിന് കേരളത്തെ അതിദാരിദ്ര്യമുക്ത സംസ്ഥാനമായി പ്രഖ്യാപിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു. അതിദരിദ്രരുടെ ശതമാനം കണക്കാക്കിയാൽ പല സംസ്ഥാനങ്ങളിലും വലിയ തോതിലാണ് ദാരിദ്ര്യാവസ്ഥ നിലനിൽക്കുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു.

**********************************

## HEADLINE-5

## IPL

ഐപിഎൽ ക്രിക്കറ്റിൽ ഇന്നലെ നടന്ന ആദ്യ മത്സരത്തിൽ റോയൽ ചലഞ്ചേഴ്സ് ബംഗളൂരു, രാജസ്ഥാൻ റോയൽസിനെ ഒമ്പതു വിക്കറ്റിനു പരാജയപ്പെടുത്തി. ആവേശകരമായ രണ്ടാം

മത്സരത്തിൽ മുംബൈ ഇന്ത്യൻസ്, ഡൽഹി ക്യാപ്പിറ്റൽസിനെ 12 റൺസിന് പരാജയപ്പെടുത്തി. മുംബൈയുടെ കരൺ ശർമ്മയാണ് കളിയിലെ താരം. ഇന്ന് നടക്കുന്ന മത്സരത്തിൽ ലക്നൗ സൂപ്പർ ജയന്റ്സ്, ചെന്നൈയുമായി ഏറ്റുമുട്ടും. രാത്രി 07:30 നാണു കളി.

************************************

## ARCHERY

അമേരിക്കയിൽ നടക്കുന്ന ആർച്ചറി വേൾഡ് കപ്പ് സ്റ്റേജ് 1 ൽ പുരുഷ റിക്കർവ് ടീം ഇനത്തിൽ ഇന്ത്യ വെള്ളി മെഡൽ നേടി. നേരത്തെ, കോമ്പൗണ്ട് മിക്സഡ് ടീം ഇനത്തിൽ ഒരു സ്വർണ്ണവും കോമ്പൗണ്ട് പുരുഷ ടീമിൽ വെങ്കലവും ഇന്ത്യ നേടിയിരുന്നു. പുരുഷ റിക്കർവ് വ്യക്തിഗത ഇനത്തിൽ ധീരജ് മെഡൽ പ്രതീക്ഷ നിലനിർത്തി.

*

*******************

****************************************************